തൃശ്ശൂർ കോൾ മേഖലയിലെ നെല്ല് സംഭരണം

120 [2019] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ കോൾ മേഖലയിലെ നെല്ല് സംഭരണത്തിനായി സർക്കാർ ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) ഈ സീസണിൽ നെല്ല് സംഭരണത്തിനായി സർക്കാർ പ്രത്യേകമായി എന്തു സഹായമാണ് നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കോൾ മേഖലയിലെ നെല്ലു സംഭരിക്കുന്നതിനായി കളക്ടർ ചെയർമാനായുള്ള ജില്ലാതലകമ്മിറ്റി കൂടുകയും കർഷകർക്കും സംഭരണ ഏജൻസികൾക്കും സ്വീകാര്യമായ സംഭരണവില നിശ്ചയിക്കുകയും ചെയ്തു. പുറവ്പിന് കിന്റലിന് 720 രൂപയും വെള്ളയ്ക്ക് 700 രൂപയും ആണ് സംഭരണ വിലയായി നിശ്ചയിച്ചിരിക്കുന്നത്. സംഭരണത്തിനായി സഹകരണ ബാങ്കുകളും പാടശേഖര സമിതികളും ഉൾപ്പെടെ 27 സംഘങ്ങൾക്ക് സംഭരണത്തിന് അനുമതി നൽകി. സംഭരണത്തിനായി അനുവദിച്ച 279 ലക്ഷം രൂപയിൽ 70% തുക കോൾമേഖലയിലെ സംഭരണ ഏജൻസികൾക്കും കർഷകർക്കും വിതരണം നടത്തി. 2.2 കോടി രൂപ കൂടി അനുവദിച്ചത് ഉപയോഗപ്പെടുത്തി കുടിശ്ശിക പൂർണ്ണമായും കൊടുത്തു തീർക്കുന്നതാണ്.

(ബി) നിലവിലുള്ള ആനുകൂല്യങ്ങൾ മാത്രമേ ഈ സീസണിലും നെല്ലു സംഭരണത്തിനായി നൽകുന്നുള്ളൂ.

കോൾ കൃഷി പ്രോത്സാഹിപ്പിക്കുവാൻ നടപടി

121 [2020] ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിൽ കോൾ കൃഷി പ്രോത്സാഹിപ്പിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) ഇതുസംബന്ധിച്ച് കർഷകരുടെ നിവേദനങ്ങൾ ലഭിച്ചിരുന്നോ ;

(സി) എങ്കിൽ ഇവയിൽ ഏതെല്ലാം ആവശ്യങ്ങളാണ് പരിഗണിച്ചതെന്ന് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly